Malayala Manorama' Oct 17, 1959

അമേരിക്കൻ ചെറുകിട വ്യവസായപ്രദർശനം


കോന്നിയൂർ നരേന്ദ്രനാഥ്

പ്രദർശനങ്ങൾ എല്ലായ്പോഴും ആനന്ദകരമാണ്. അതേസമയത്തു് അവ പ്രയോജനപ്രദംകൂടിയാണെങ്കിൽ അതിൻെറ മേന്മയേറെ ഗുണീഭവിക്കുന്നു. വളരെയധികം വിജ്ഞാനവും അതിലേറെ ആഹ്ളാദവും നൽകിയ ഒരു പ്രദർശനമാണ് മദിരാശിയിൽ വച്ച് ഈയിടെ നടത്തപ്പെട്ട അമേരിക്കൻ ചെറുകിടവ്യവസായപ്രദർശനം. പ്രദർശനശാലയിലേക്കു സസന്തോഷംക്ഷണിക്കുന്നു. പ)


ലോകത്തിലെ ഏററവും പ്രധാനപ്പെട്ട രാജ്യങ്ങളിലൊന്നാണല്ലോ അമേരിക്കൻ ഐക്യസംസ്ഥാനങ്ങൾ. വ്യവസായവിഷയത്തിൽ അതിനുള്ള നിലയിൽ എത്തിച്ചേരുന്നതിന് മററ് വൻകിടരാജ്യങ്ങളിൽ പലതിനും ഇനിയും വളരെ നാളുകൾ വേണ്ടിവരും. സമ്പത്തിൻെറ കാര്യത്തിലുംഏററവും അസൂയാവഹമായ ഒരു നിലയാണ് ആ നാട്ട് നേടിട്ടുള്ളതു്. വ്യവസായത്തിലും കൃഷിയിലും അവിടുത്തെ ഉൽപ്പാദനനിലവാരം എത്രമാത്രം ഉന്നതമായിട്ടുള്ളതാണെന്ന് മിക്കവാറും എല്ലാവർക്കും അറിവുള്ളതാണ്. മദിരാശിയിൽ ഐക്യസംസ്ഥാനത്തെ ചെറുകിടവ്യവസായ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രദർശനം ഇക്കഴിഞ്ഞ ഒന്നാം തീയതി ഉൽഘാടനംചെയ്യപ്പെട്ടു. വൻകിട വ്യവസായത്തിൽ അത്യുന്നത നിലയിലെത്തീട്ടുള്ള ഒരു രാജ്യത്തു്, ചെറുകിട വ്യവസായങ്ങൾക്കുള്ള സ്ഥിതിഎന്താണെന്ന് അറിയുന്നതിനുള്ള താല്പര്യംകൊണ്ടു് ഞാൻ ആ പ്രദർശനം കാണുന്നതിന് പോകുകയുണ്ടായി. അമേരിക്കയെക്കുറിച്ച് ചിന്തിക്കുമ്പോൾ, പ്രധാനമായി മനസ്സിൽ ഉണ്ടാകുന്ന സ്മരണ വൻകിടവ്യവസായങ്ങളും വമ്പിച്ച ഫാക്ടററികളും മററുമാണല്ലോ. അത്തരം വ്യവസായങ്ങളുടെഇടയിൽപ്പെട്ട് ഞെങ്ങിഞെരുങ്ങി കഴിയുന്നവയായിരിക്കും ചെറുകിടവ്യവസായങ്ങളെന്ന് മാത്രമേ സാധാരണ വിചാരിക്കാനൊക്കൂ. എൻെറ സംശയങ്ങളും അവിശ്വാസങ്ങളുമായിട്ടാണു ഞാൻ പ്രദർശനസ്ഥലത്തേക്ക് പോയതു്. അവയൊക്കെ നീക്കംചെയ്യുന്നതിന് ആ പ്രദർശനം കണ്ടതുകൊണ്ടു് എനിക്ക് സാധിച്ചെന്നുതന്നെ പറയാം. എന്നെപ്പോലെയായിരിക്കും മററുപല സന്ദർശകർക്കും ഉണ്ടായിട്ടുള്ള അനുഭവമെന്ന് ഞാൻ കരുതുന്നു.


ഈ ചെറുകിടവ്യവസായപ്രദർശനം ഇതിനുമുമ്പ് ന്യൂഡൽഹിയിലും കൽക്കത്തായിലും നടത്തുകയുണ്ടായിട്ടുണ്ട്. അതു നടത്തുന്ന മൂന്നാമത്തെ പട്ടണമാണ് മദിരാശി. ഭാരതത്തിലല്ലാതെ മററൊരു നാട്ടിലും ഈപ്രദർശനം നടത്തിയിട്ടില്ല. നമ്മുടെ നാടിനെപ്പോലെ ചെറുകിട വ്യവസായസാധ്യതയുള്ള ഒരു നാട്ടിൽ അതിന് അവസരമുണ്ടായതു് ഏററവും പ്രയോജനകരമായ ഒരു സംഗതിയുമാണ് എന്നുള്ളതിനു രണ്ടു പക്ഷമില്ല. നമുക്ക് അതിൽനിന്ന് പലതും പഠിക്കുവാനും പകർത്തുവാനും ഉണ്ട്. പ്രാചീനകാലംതൊട്ട് ഗ്രാമീണവ്യവസായങ്ങൾക്ക് —ചെറുകിട വ്യവസായങ്ങൾക്ക്— പ്രാധാന്യം നൽകിവന്നിട്ടുള്ള നാടാണ് നമ്മുടേതു്. ചരിത്രപരമായ പല കാരണങ്ങളാൽ കാലത്തിനൊത്ത പരിഷ്കാരങ്ങൾ വരുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിലും അവ നാമാവശേഷമായിത്തീരാതെ സൂക്ഷിക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ട്. ഇന്ന് അവയെ സംരക്ഷിക്കുവാൻ മാത്രമല്ല പരിഷ്കരിച്ച് ഏററവും അധികം ഉപയോഗപ്പെടുത്തുവാനും ഉള്ള പരിശ്രമത്തിൽ നാംഏർപ്പെട്ടിരിക്കുകയാണ്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ചെറുകിടവ്യവസായങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യം ഇതിൻെറ പ്രത്യക്ഷമായ തെളിവാണ്.

അമേരിക്കൻ ഐക്യനാട്ടിൽ ചെറുകിടവ്യവസായസ്ഥാപനങ്ങൾ—അതായതു് അൻപതു തൊഴിലാളികളിൽ കുറച്ച് ജോലിക്കാരെ ഉപയോഗിച്ച് നടത്തിവരുന്ന വ്യവസായങ്ങൾ—നാലു മില്ല്യനിൽകൂടുതൽ വരും. അവിടുത്തെ തൊഴിലാളികളിൽ അറുപത്തഞ്ചു ശതമാനം ചെറുകിടവ്യവസായങ്ങളിലുമാണ്. വൻകിടവ്യവസായങ്ങളുടെ താങ്ങായിട്ടാണു ഈ ചെറുകിടസ്ഥാപനങ്ങൾ വർത്തിച്ചു വരുന്നതു്. ഉദാഹരണമായി യൂണൈററഡ്സ്റ്റേററ്സ് സ്റ്റീൽ കോർപ്പറേഷൻ 54,000 ചെറുകിടസ്ഥാപനങ്ങളിൽനിന്ന് ഉൽപ്പന്നങ്ങൾ വാങ്ങിവരുന്നു. ഈ ഉരുക്കുവ്യവസായസ്ഥാപനം അവിടത്തെ ഏററവും വമ്പിച്ച സ്ഥാപനമാണ്. ജനറൽ മോട്ടോർസ്പോലെ ഏററവും വലിയ ഒരു മോട്ടോർ നിർമ്മാണസ്ഥാപനം 26,000 സബ്കോൺട്രാക്ടേർസിനെ ആശ്രയിക്കുന്നുണ്ട്. ജനറൽ ഇലക്ട്രിക്ക് എന്ന കമ്പനി അവരുടെ ആവശ്യത്തിനുള്ള സാധനങ്ങളും മററും 17,000 ചെറിയ കമ്പനികളിൽനിന്ന് സ്വീകരിച്ചു വരുന്നു ചെറുകിടസ്ഥാപനങ്ങളിലധികവും വ്യക്തിക



കുശവന്മാർക്കു സൗകര്യമായി ഉപയോഗപ്പെടുത്താവുന്ന ഒരു യന്ത്രം












വിജ്ഞാനവും
വിനോദവും
നൽകുന്ന
ഒരു
പ്രദർശനമഹോത്സവം





(മുകളിൽ ഇടത്തുനിന്നു് വലത്തേക്കു്)

1. പ്രദർശനം ഒരു പൊതു വീക്ഷണം
2. തടി കടഞ്ഞു് പലവിധത്തിലുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു യന്ത്രം.


മദ്ധ്യത്തിൽ ഇടത്തുനിന്നു വലത്തേക്കു്

1. മദ്രാസ് ഗവർണരുടെ പത്നി, സൗരശക്തികൊണ്ടു പ്രവർത്തിക്കുന്ന ഒരു കത്രികകൊണ്ടു് നാടമുറിച്ചു് പ്രദർശനം ഉൽഘാടനം ചെയ്യുന്നു
2. മദ്രാസ്ഗവർണർ ശ്രീ വിഷ്ണുറാംമേധിക്കു് സൂര്യപ്രകാശം കൊണ്ടു പ്രവർത്തിക്കുന്ന റേഡിയോ മി. വിൻത്രോപ്പ് ബ്രൗൺ സമ്മാനിക്കുന്നു.

(അടിയിൽ ഇടത്തുനിന്നു് വലത്തേക്കു്)

1. പ്രശാസ്താതിഥികൾ പ്രദർശനം ചുററി നടന്നു കാണുന്നു.
2. പ്രശസ്താതിഥികൾ കരകൗശല വസ്തുക്കൾ കൗതുകപൂർവ്വം വീക്ഷിക്കുന്നു.
5. വജ്രം മുറിക്കുന്നതിനും മേനി വരുത്തുന്നതിനുമുള്ള ഒരു യന്ത്രം





ളോ കൊച്ചു കമ്പനികളോ ആണ് നടത്തിവരുന്നത്. 1921-നും 1948-നും ഇടയ്ക്ക് യു. എസ്. പേറ്റൻറ് ആഫീസിൽനിന്ന് നൽകിയിട്ടുള്ള കുത്തകാവകാശങ്ങളിൽ (Patents) മൂന്നിൽ ഒന്ന് ചെറുകിടവ്യവസായസ്ഥാപനങ്ങളാണ് നേടിയിരിക്കുന്നത്. ഇതിൽനിന്ന് നമുക്ക് അവിടത്തെ ചെറുകിടസ്ഥാപനങ്ങളുടെ പ്രാധാന്യവും വലിപ്പവും ഊഹിക്കാവുന്നതാണ്.

പ്രദർശനസ്ഥലത്ത് അമേരിക്കൻ തൊഴിലാളികളുടെ തൊഴിലുകൾ, ഉൽപ്പാദനരീതികൾ, മെച്ചപ്പെട്ട ഉപകരണങ്ങൾ, വ്യവസായത്തിൽ അവർ നിർവഹിക്കുന്ന പങ്ക് തുടങ്ങിയവയെ വിശദീകരിക്കുന്ന വിവരങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അമേരിക്കൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം സാമ്പത്തിക സാഹചര്യത്തിൽ നിർവ്വഹിക്കുന്ന പങ്കിനെക്കുറിച്ച് വിവരം നൽകുന്ന ഒരു വിഭാഗം ഇവിടെ കാണാവുന്നതാണ്. തൊഴിലാളികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് യന്ത്രങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നും യന്ത്രയുഗം തൊഴിലാളികളെ എത്രയധികം സമ്പന്നരാക്കിയിട്ടുണ്ടെന്നും ഇവിടെ നമുക്ക് അറിയുന്നതിന് അവസരം സിദ്ധിക്കുന്നു. വേല ലഘൂകരിക്കുവാനുള്ള ഏർപ്പാടുകൾ, നല്ല ആഹാരം ലഭിക്കുന്നതിനുള്ള സൗകര്യം, ആരോഗ്യകരമായ ചുറ്റുപാടിൽ ജീവിക്കുന്നതിനുള്ള സാദ്ധ്യത, വിദ്യാഭ്യാസത്തിനും വിനോദത്തിനും ഉള്ള അവസരം എന്നിങ്ങനെ മിക്കവാറും എല്ലാ പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചും നമുക്ക് അവിടെനിന്ന് വിവരം കിട്ടുന്നുണ്ട്. വനിതകൾ വ്യവസായകാര്യങ്ങളിൽ നിർവ്വഹിക്കുന്ന മഹത്തരമായ പങ്ക് എത്രമാത്രമുണ്ടെന്ന് അറിയുന്നതിനും ഇവിടെ അവസരമുണ്ട്. സ്ത്രീകൾക്ക് മിക്കവാറും എല്ലാമണ്ഡലങ്ങളിലും സ്ഥാനമുണ്ട്. തുല്യമായ വേലയ്ക്ക് തുല്യമായവേതനമെന്നതാണ് നിയമം.

ജോലി ലഘൂകരിക്കുന്നതിനും വൈദഗ്ദ്ധ്യത്തോടെ നിർവ്വഹിക്കുന്നതിനും ഉപകരിക്കുന്ന പലവിധ യന്ത്രോപകരണങ്ങൾ പ്രദർശനത്തിൽ വച്ചിട്ടുണ്ട്. ഇവയെല്ലാംതന്നെ വൈദ്യുതശക്തികൊണ്ട് പ്രവർത്തിക്കുന്നവയാണ്. മോട്ടോർ വാഹനങ്ങളുടെ ജോലി സംബന്ധിക്കുന്നവയ്ക്ക് വളരെ പ്രാധാന്യം നൽകിയിരിക്കുന്നതായി തോന്നുന്നു. ലേത്തുകൾ, ഗ്രൈൻഡറുകൾ, തുടങ്ങിയവയും പ്രയോജനപ്രദങ്ങളായ പ്രദർശനവസ്തുക്കളാണ്. ലോഹത്തകിടുകൾകൊണ്ട് പെട്ടികൾ, തൊട്ടികൾ തുടങ്ങിയ സാധനങ്ങൾ ലാഭകരമായി നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങളുമുണ്ട്. തടികൊണ്ട് വിവിധരീതികളിലുള്ള ഉപകരണങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്ന ലഘുയന്ത്രങ്ങൾ നമുക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നവയാണ്. അവ പലതും നമ്മുടെ മരവേലക്കാർക്കു ഉപകാരപ്രദമായിട്ടുള്ളവയാണ്. വേല ലഘൂകരിക്കുക മാത്രമല്ല, കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അതു് ഇടനൽകുന്നു. വില അധികമില്ലാത്തതിനാൽ അവ സാധാരണക്കാരുടെ സാമ്പത്തികശേഷിയ്ക്കു് വിധേയമാകത്തക്കവണ്ണം ഉള്ളതുമാണ്.

സൂര്യപ്രകാശത്തിൻെറ സഹായത്താൽ പ്രവർത്തിപ്പിക്കാവുന്ന ചില വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നതു്, പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നവയാണ്. ആഹാരം പാകം ചെയ്യുന്നതിന് സൂര്യരശ്മി എങ്ങിനെ ഉപയോഗപ്പെടുത്താമെന്ന് കാണിക്കുന്ന അടുപ്പുകൾ മുതൽ പ്രകാശംകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന റേഡിയോവരെ അവിടെയുണ്ട്. ശാസ്ത്രപുരോഗതിയുടെ ഫലങ്ങൾ സാധാരണക്കാരുടെ വീടുകളിൽപോലും കൊണ്ടുചെന്നു കൊടുക്കുന്നവയാണ് അതെല്ലാം. നമ്മുടെ ജീവിതത്തിലും അവ ഉപയോഗപ്പെടുത്തി ഉന്നതി നേടുന്നതിനുള്ള മാർഗ്ഗം അവ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. ആധുനികശാസ്ത്രത്തിന് ഏതെല്ലാവിധത്തിലാണ് അതിനു കഴിവുള്ളതെന്നുള്ള കാര്യം നിർണ്ണയിക്കാവുന്നതല്ല. ബുദ്ധിശക്തിക്കും കലാബോധത്തിനും ആരുടെയും പിന്നിലല്ലാത്ത നമ്മുടെ ജനങ്ങൾക്ക് ശാസ്ത്രത്തിൻെറ സഹായഹസ്തം സിദ്ധിക്കുന്നതായാൽ ഏററവും നിസ്സാരമായ കാലയളവിൽ വമ്പിച്ച പുരോഗതി നേടുന്നതിനു കഴിയുന്നതാണെന്നു് തീർച്ചതന്നെ. ശാസ്ത്രത്തെ കൂട്ടുപിടിക്കാതെ അതിനു് കഴികയുമില്ല. മനുഷ്യൻെറ വിലയ്ക്ക് ഒരു കോട്ടവും തട്ടാതെ യന്ത്രങ്ങളെ പ്രയോജനപ്പെടുത്തി പുരോഗതി നേടുന്നതിന് സാധിക്കുമെന്നാണ് അമേരിക്കയിലെ ചെറുകിടവ്യവസായങ്ങൾ തെളിയിക്കുന്നതു്. ഏതാണ്ട് അറുപതുകൊല്ലങ്ങൾക്കു മുമ്പ് ഭാരതത്തിലെ ചുറ്റുപാടുകൾക്ക് സമാനമായ സാഹചര്യങ്ങളാണ് ഐക്യനാടുകളിൽ ഉണ്ടായിരുന്നതെന്ന് പറയപ്പെടുന്നു. അവരുടെ അറുപതു കൊല്ലത്തെ പരിശ്രമഫലമാണ് ഇന്ന് അവരെ മഹോന്നതമായ ഒരു സ്ഥാനത്തെത്തിച്ചിരിക്കുന്നതു്. അവരിൽനിന്ന് പലതും നമുക്ക് പഠിക്കാനുണ്ട്. പ്രദർശനം കണ്ടതിനുശേഷം എൻെറ ആ വിശ്വാസം കുറച്ചുകൂടി ഉറച്ചിരിക്കുന്നു—സാധാരണക്കാരായ എല്ലാ സന്ദർശകരുടെയും സ്ഥിതി അതുതന്നെയായിരിക്കുമെന്നാണ് എൻെറ വിശ്വാസം.



അപ്പൻ തച്ചേത്ത്

അന്തിവിണ്ണോമന പ്പൊൻതാലമേന്തുന്ന
സുന്ദരവാസന്തരാവിൽ,
താരകരാജിയിൽ താവും തരളിത
താരൊളിവീശുന്ന കാവിൽ
പൊൻമുളങ്കാടിൻ കരളിന്നിഴകളിൽ
പഞ്ചമരാഗമുതിർന്നു......"
കാനനമുല്ലതൻ കാതിൽക്കിനാവിൻെറ
കിന്നാരമോതിയകാറേറ...
കുന്നിൻചെരുവിലെകണ്ണെഴുതീടുമാ-
കുന്നിമണിമാലചാർത്തി
മുഗ്ദ്ധസങ്കല്പമണിമേഖലകളിൽ
മുത്തമിട്ടിന്നലെവന്നു്,
സാന്ദ്രമനോഹരസംഗീതമേകിയ
കിന്നരഗായികയാരോ...??
നീലനിലാവുനിഴൽവിരിച്ചീടുമീ
നീലവനാന്തരംതന്നിൽ
പൊന്നിൻമണിത്തിരിയെന്നും കൊളുത്തുവാൻ
വന്നിടും മിന്നാമിനുങ്ങേ!
താമരച്ചോലയിൽ നീരാടാനെത്തുമാ-
താമരപ്പെൺകൊടിയാരോ...??
തൂവെൺപളുങ്കണിത്താലി ചാർത്തിടുന്ന
തൂമയേറും നിശാഗന്ധി!
ചുണ്ടിലൊരോടക്കുഴലുമായ് വന്നിടും
ചെണ്ടണിമാലികയാരോ.. ??
"ആരുനീ..."യെപ്പൊഴും മാമകാത്മാവിങ്ക-
ലൂറുന്നു ചോദ്യശതങ്ങൾ...??

കച്ചമണികളണിഞ്ഞുംമനോജ്ഞമാം
പച്ചവില്ലീസുകൾ ചാർത്തി,
ചോരപ്പവിഴച്ചൊടികളിൽ മൊട്ടിട്ട
രാഗസംഗീതവുമായി,
തങ്കനൂൽപൊട്ടിത്തകരും കരളിൻെറ
തന്ത്രിയെമുത്തമിട്ടെത്തും
മാനത്തുമാദകഗീതികൾ പാടുന്ന
മാലാഖമാരുടെ തോഴീ...!
മാനവനെഞ്ചിൽക്കുളിരല ചാർത്തുന്ന
കാനനദേവതയല്ലേ...??
കല്പനതോറും കവിതവിടർത്തുവാ-
നെത്തുന്ന താമരപ്പെണ്ണേ!
നിൻമണിവീണയിൽനിന്നുയർന്നിടുന്ന
സുന്ദര ഗാനോത്സവങ്ങൾ
നീറിപ്പിടയും കരളിൽക്കുളിരിൻെറ
തേനലതൂകുന്ന ദേവീ...
എന്നും വിനിർഗ്ഗളിച്ചീടുന്ന രാവിൻെറ
മഞ്ജുസംഗീതമെ വെൽക!!?

—0—